**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- അന്യത്ര സേവനത്തിൽ തുടരുന്ന ഡോ. കുഞ്ഞിമുഹമ്മദ്.കെ.പി, ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി)- ജോലിയിൽ പുന: പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: മേലെഴുത്ത് നം. ഇ.എ6- 97288/16/ആ.വ.ഡ തീയതി 08.06.2018

**ഉത്തരവ് നം. ഇ.എ1- 1040/2018/ആ.വ.ഡ തീയതി 11.06.2018**

മലപ്പുറം മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ. കുഞ്ഞിമുഹമ്മദ്.കെ.പിയുടെ അന്യത്ര സേവന കാലയളവ് 11.06.2018 ൽ പൂർത്തിയാവുകയാണെന്നും ആയതിനാൽ ടിയാന് 12.06.2018 ൽ ആരോഗ്യവകുപ്പിൽ ജോലിയിൽ പുന: പ്രവേശിക്കുന്നതിനു നിയമന ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശ പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ഡോ. കുഞ്ഞിമുഹമ്മദ്.കെ.പി യെ **മലപ്പുറം തിരൂർ ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി)** തസ്തികയിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. കുഞ്ഞിമുഹമ്മദ്.കെ.പി 12.06.2018 നു തന്നെ ജോലിയിൽ പുന: പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. കുഞ്ഞിമുഹമ്മദ്.കെ.പി, ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി)

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
2. പ്രിൻസിപ്പാൾ, ഗവൺമെന്റ് മെഡിക്കൽ കോളേജ് ~~തിരുവനന്തപുരം~~ മഞ്ചേരി മലപ്പുറം
3. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ
4. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
5. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

സീനിയർ സൂപ്രണ്ട്